(ബി) പ്രസ്തുത സമരത്തിന്റെ പശ്ചാത്തലത്തിൽ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ ഒഴിവാക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനും നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനും വനിതാ-ശിശുവികസന വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

അങ്കണവാടി വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കാൻ നടപടി

270 (3298) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിശ്ചിത ജോലിക്ക് പുറമെ, വിവിധ സർക്കാർ വകുപ്പുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അങ്കണവാടി വർക്കർമാരിൽ നിക്ഷിപ്തമാക്കിയിരിക്കുന്ന കർത്തവ്യങ്ങളും ചുമതലകളും കാരണം ഇവരുടെ ജോലി ഭാരം വളരെയധികം ഉയർന്ന തോതിലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾക്കും വിവിധ സേവനങ്ങൾ അങ്കണവാടികൾ മുഖാന്തരം നൽകി വരുന്നുണ്ട്. ഇതിനു പുറമെ, അനുപൂരക പോഷകാഹാര പദ്ധതി, അനൗപചാരിക വിദ്യാഭ്യാസം, പോഷകാഹാര വിദ്യാഭ്യാസം, നവജാത ശിശുക്കളുടെയും ഗർഭിണികളുടെയും ഭവന സന്ദർശനം, അവർക്കുവേണ്ട ന്യൂട്രീഷൻ കൗൺസലിംഗ് എന്നിവയും അങ്കണവാടി പ്രവർത്തകർ ഏറ്റെടുത്തു ചെയ്തുവരുന്നു. ഇപ്പോൾ പോഷൺ അഭിയാന്റെ വരവ് അങ്കണവാടി പ്രവർത്തകരിൽ കൂടുതൽ ഉത്തരവാദിത്വം നൽകുന്നുണ്ട്. കൂടാതെ, സാമൂഹ്യാധിഷ്ഠിത പരിപാടി (CBE), ഗ്രാമീണ ആരോഗ്യ-ശുചിത്വ-പോഷക ദൗത്യം (VHSND), മൊബിലൈസിംഗ് സെൽഫ് ഹെൽപ്പ് ഗ്രൂപ്പ് എന്നിവയും ഈ പ്രവർത്തകരുടെ ചുമതലയിൽപ്പെട്ടതോടെ മാസത്തിൽ 25 ദിവസമെങ്കിലും അവരുടെ സേവനം അങ്കണവാടികളിൽ അത്യന്താപേക്ഷിതമാണ്. എന്നാൽ ഇലക്ഷൻ ഡ്യൂട്ടി, സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏൽപ്പിക്കുന്ന വിവിധ സർവേകൾ, സെൻസസ് മുതലായ ജോലികൾ അങ്കണവാടി പ്രവർത്തകർ ചെയ്യാൻ ഇടവരുമ്പോൾ സ്ത്രീകളുടെയും കുട്ടികളുടെയും പോഷക നിലവാരം അങ്കണവാടികളിലൂടെ മെച്ചപ്പെടുത്തുന്നതിനുള്ള സർക്കാരിന്റെ ശ്രമങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അങ്കണവാടി സേവനങ്ങൾ, പോഷൺ അഭിയാൻ, സ്കീം ഫോർ അഡോളസെന്റ് ഗേൾസ് (SAG), പ്രധാൻ മന്ത്രി മാതൃവന്ദന യോജന (PMMVY), സ്ത്രീകളും കുട്ടികളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ എന്നിവയല്ലാതെ മറ്റു ജോലികൾക്കു നിയോഗിക്കുവാൻ പാടില്ലായെന്ന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യ വകുപ്പുമായി സഹകരണം അനിവാര്യമായതിനാലും നിലവിൽ അങ്കണവാടികൾ പ്രവർത്തിക്കാത്ത സാഹചര്യത്തിലും കോവിഡ് 19-മായി ബന്ധപ്പെട്ട സേവന സഹായങ്ങൾ അങ്കണവാടി പ്രവർത്തകർ നടത്തിവരുന്നുണ്ട്.

(ബി) ഇവരുടെ ജോലിഭാരം കണക്കിലെടുത്ത് കാറ്റഗറി -2 വിഭാഗം പാർട്ട് ടൈം സ്വീപ്പർമാർക്ക് സർക്കാർ നൽകുന്ന വേതനമെങ്കിലും അങ്കണവാടി വർക്കർമാർക്ക് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

അങ്കണവാടി പ്രവർത്തകർ സർക്കാർ ജീവനക്കാരല്ല. അവർ ഓണറേറിയം കൈപ്പറ്റുന്ന സന്നദ്ധസേവകരാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് ഇവർക്ക് ഓണറേറിയം അനുവദിക്കുന്നത്. അതിനാൽ പാർട്ട് ടൈം സ്വീപ്പർമാർക്ക് നൽകുന്ന വേതനം നൽകുന്നത് പ്രായോഗികമല്ല. നിലവിൽ മെയിൻ അങ്കണവാടി വർക്കർമാർക്ക് 12,000, മിനി അങ്കണവാടി വർക്കർമാർക്ക് 11,000, അങ്കണവാടി ഹെൽപ്പർമാർക്ക് 8,000 എന്ന നിരക്കിലാണ് പ്രതിമാസ ഓണറേറിയം നൽകിവരുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് അങ്കണവാടി പ്രവർത്തകർക്ക് കേരളത്തിൽ മെച്ചപ്പെട്ട ഓണറേറിയം നൽകി വരുന്നുണ്ട്.

(സി) ഇപ്രകാരം വേതന വർദ്ധനവിന്, കേന്ദ്ര സർക്കാർ വിഹിതത്തിന് ഉപരിയായി സംസ്ഥാന സർക്കാർ അധികമായി തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

അങ്കണവാടി ജീവനക്കാർക്ക് കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് ഓണറേറിയം നൽകി വരുന്നത്. നിലവിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന ഓണറേറിയം മെയിൻ അങ്കണവാടി വർക്കർക്ക് 4,500-ഉം മിനി അങ്കണവാടി വർക്കർക്ക് 3,500-ഉം അങ്കണവാടി ഹെൽപ്പർക്ക് 2,250-ഉം ആണ്. ഇത് 60:40 എന്ന അനുപാതത്തിൽ, കേന്ദ്ര വിഹിതം 60%-ഉം സംസ്ഥാന വിഹിതം 40%-ഉം ആയാണ് നൽകേണ്ടത്. എന്നാൽ, നമ്മുടെ സംസ്ഥാനത്ത് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള ഓണറേറിയത്തിനു പുറമെ, സംസ്ഥാന വിഹിതമായി മെയിൻ

അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും 5,300 വീതവും ഹെൽപ്പർക്ക് 4,300-ഉം നൽകി വരുന്നു. ഇതിനു പുറമെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി മെയിൻ അങ്കണവാടി വർക്കർക്കും മിനി അങ്കണവാടി വർക്കർക്കും 2,200 വീതവും ഹെൽപ്പർക്ക് 1,450-ഉം നൽകുന്നുണ്ട്. അപ്രകാരം, നിലവിൽ മെയിൻ അങ്കണവാടി വർക്കർമാർക്ക് 12,000, മിനി അങ്കണവാടി വർക്കർമാർക്ക് 11,000, അങ്കണവാടി ഹെൽപ്പർമാർക്ക് 8,000 എന്ന നിരക്കിലാണ് പ്രതിമാസ ഓണറേറിയം നൽകിവരുന്നത്.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ

271 (3299) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം നിർമ്മിക്കാൻ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സർക്കാർ വകുപ്പുകളുടെ കീഴിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്തിൽനിന്നും സ്ഥലം കണ്ടെത്തുന്നതിനും സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് ജില്ലാ കളക്ടർക്ക് അധികാരം നൽകിക്കൊണ്ട് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അങ്കണവാടികൾക്ക് കെട്ടിടം പണിയുന്നതിനായി മറ്റ് വകുപ്പുകളുടെ പുറംപോക്കുഭൂമി ലഭിക്കുന്നതിന് പ്രോഗ്രാം ഓഫീസർമാർ മുഖേന ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ച് തുടർനടപടി സ്വീകരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി ലഭിക്കുന്ന സ്വകാര്യ വ്യക്തികളുടെ/പുറമ്പോക്ക് ഭൂമി വകുപ്പിന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്യുന്നതിന് അർത്ഥനാപത്രം നൽകുന്നതിന് ജില്ലാ വനിതാ ശിശു വികസന പദ്ധതി ഓഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) കുത്തുപറമ്പ് മണ്ഡലത്തിൽ സ്വന്തം കെട്ടിടം ഉള്ളതും ഇല്ലാത്തതുമായ അങ്കണവാടികളുടെ വിവരം തരംതിരിച്ച് വ്യക്തമാക്കാമോ?

കുത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആകെ അങ്കണവാടികൾ-229, സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ - 164, സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾ - 65, കുത്തുപറമ്പ് പ്രോജക്ട് - ആകെ അങ്കണവാടികൾ 48,

LIBRARY ARCHIVES Kerala Legislative Assembly